വടക്കേക്കര പറുവത്തുരുത് ഭാഗത്ത് മധ്യവയസ്കയുടെ മൊബൈൽ തട്ടിപ്പറിച്ച് കൊണ്ടുപോയി എറണാകുളത്തു വിൽപന ചെയ്ത മോഷ്ടാക്കൾ പിടിയിൽ. കൊടുങ്ങല്ലൂർ കൊട്ടിക്കൽ തേക്കിലാക്കാട്ടിൽ വീട്ടിൽ വിഷ്ണു (22) , തൊടുപുഴ കാരിക്കോഡ് ഭാഗത്ത് പാലിയത്ത് വീട്ടിൽ അൻവർ റഷീദ് (21), മൂവാറ്റുപുഴ ആവൊലി ഭാഗത്ത് തൊട്ടുംചാലിൽ വീട്ടിൽ ആൽബിൻ (19) എന്നിവരെയാണ് വടക്കേക്കര പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 8 ന് പറുവത്തുരുത് ഭാഗത്ത് റോഡിലൂടെ നടന്നുപോകുകയായിരുന്ന കുന്നുമ്മത്തറ സ്വദേശിനിയുടെ കൈയിൽ നിന്നും മൊബൈൽ തട്ടിപ്പറിച്ച് കൊണ്ടുപോയി പ്രതികൾ എറണാകുളത്തുള്ള മൊബൈൽ കടയിൽ വിൽപന നടത്തുകയായിരുന്നു. വടക്കേക്കര പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ വി.സി.സൂരജിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിൽ എസ് ഐ എം.എസ്.ഷെറി, എ എസ് ഐ മാരായ അഭിലാഷ്, സുധി, സി പി ഒ മാരായ പ്രവീണ്ദാസ്, ലിജോഫിലിപ്, മിറാഷ്, ശീതൾ എന്നിവരാണ് ഉണ്ടായിരുന്നത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. പ്രതികൾ കൂടുതൽ മോഷണം നടത്തിയിട്ടുണ്ടോ എന്ന് പോലീസ് പരിശോധിച്ച് വരുന്നു.